# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T2420 18.12.2012-ൽ മറുപടിക്ക്.

## എമർജിംഗ് കേരള പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ജോലി നിർവ്വഹിക്കുന്നതിന് സർക്കാർ ചുമതല നൽകിയിരിക്കുന്നത് ആർക്കാണ്; വ്യക്തമാക്കുമോ;<br><br>(ബി) നിർദ്ദിഷ്ട പദ്ധതികൾ ഓരോന്നിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കുമോ; | (എ) & (ബി) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടികളിലേയ്ക്കായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട **ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ** രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നത് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ഈ കൗൺസിൽ. ഇതുകൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു **ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്** രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുക എന്നതാണ് ഈ ബോർഡിന്റെ ചുമതല. എമർജിംഗ് കേരളയുടെ തുടർ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനാണ് നടത്തുന്നത്. |

| | |
|---|---|
| (സി) നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ ഭൂമി ആവശ്യമായവ എത്രയാണെന്നും പദ്ധതികൾക്കെല്ലാം കൂടി മൊത്തം എത്ര ഏക്കർ ഭൂമി ആവശ്യമായി വരുമെന്നുമുള്ള വിവരം ലഭ്യമാക്കുമോ? | (സി) എമർജിംഗ് കേരളയിൽ വന്ന എല്ലാ പദ്ധതികൾക്കും സർക്കാർ ഭൂമി ആവശ്യം വരികയില്ല. ഇതിൽ പല നിക്ഷേപകരും സ്വന്തം ഭൂമിയിലാണ് പദ്ധതി തുടങ്ങാനുദ്ദേശിക്കുന്നത്. പദ്ധതികളുടെ വിശദമായ പഠനം നടന്നു വരുന്നു. ഇവയ്ക്ക് അനുമതി നൽകുന്ന മുറയ്ക്കേ, ആവശ്യമായി വരുന്ന ഭൂമിയുടെ കണക്ക് ലഭിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**